പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്ത തൊഴിലാളികൾ, അംഗൻവാടി വർക്കേഴ്സ്, എൻഡോസൾഫാൻ ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾ, കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി പെൻഷൻകാർ എന്നിവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും മുഴുവൻ പ്രീമിയവും സ്വയം അടച്ച് ചേരാവുന്നതാണ്.

ഗ്രാമീണാരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് സ്കീം

44 (5449) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണാരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുന്ന എത്ര പേരാണ് മണലൂർ നിയോജകമണ്ഡലത്തിൽ ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇവർക്കെല്ലാവർക്കും സ്മാർട്ട് കാർഡ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നേക്ക് നൽകുമെന്നറിയിക്കാമോ ;

(സി) ഈ പദ്ധതി പ്രകാരം ചികിത്സ നേടാവുന്ന തൃശൂർ-ചാവക്കാട് താലൂക്കുകളിലെ സ്വകാര്യ/സഹകരണ ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) തൊഴിൽ വകുപ്പിന് കീഴിൽ നിലവിലുള്ളത് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ മണലൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 8320 പേർക്ക് കഴിഞ്ഞ വർഷം സ്മാർട്ട് കാർഡ് നൽകിയിരുന്നു. ഈ വർഷത്തെ എൻറോൾമെന്റ് പൂർത്തിയായിട്ടില്ല. ഈ മാസം 31-നകം കഴിഞ്ഞ വർഷം കാർഡു ലഭിച്ചവർക്കു പുതുക്കി നൽകുന്നതോടൊപ്പം കഴിഞ്ഞ വർഷം ഉപയോഗിച്ച ലിസ്റ്റിൽ (2002 ലെ ബി.പി.എൽ. ലിസ്റ്റ്) പേരുണ്ടായിട്ടും പദ്ധതിയിൽ ചേരാനാകാതെ വന്നവർക്ക് പുതുതായി പദ്ധതിയിൽ ചേരാൻ അവസരം നൽകുകയും ചെയ്യുന്നതാണ്.

(സി) തൃശ്ശൂർ ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആലത്തൂരിലെ ഇ.എസ്.ഐ. ആശുപത്രി

45 (5450) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂരിലെ ഇ.എസ്.ഐ. ആശുപത്രി നിലവിൽ വന്നിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും തസ്തികകൾ ഉണ്ടെന്നും അതിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) ഈ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് സൗകര്യമുണ്ടോ ;

(ഡി) പ്രതിദിനം ശരാശരി എത്ര രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ട് ;

(ഇ) ഈ ആശുപത്രിയുടെ വികസനത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എഫ്) ഈ ആശുപത്രി കലോചിതമായി ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) ആലത്തൂരിൽ നിലവിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി ഇല്ല. എന്നാൽ ആലത്തൂരിൽ ബ്ലീഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. ഇത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. വെൽഫെയർ ഫണ്ട് കമ്മീഷണർ ബാംഗ്ലൂർ ആണ് ഇവിടുത്തെ ജീവനക്കാരുടെ നിയമനം നടത്തുന്നതും ശമ്പളം നൽകുന്നതും. ഇവിടെ ഒരു ഡോക്ടറും ഒരു സ്റ്റാഫ് നഴ്സും ഒരു ഫാർമസിസ്റ്റും ഒരു നഴ്സിംഗ് അസിസ്റ്റന്റും പ്രവർത്തിയെടുക്കുന്നതായി മനസ്സിലാക്കുന്നു.

പുതിയ ക്ഷേമനിധി ആനുകൂല്യങ്ങൾ

46 (5457) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഏതെല്ലാം വിഭാഗത്തിനാണ് പുതുതായി ക്ഷേമനിധി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇവ ഓരോന്നിന്റെയും ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ് ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഏതെല്ലാം വിഭാഗങ്ങൾക്കാണ് പുതുതായി പെൻഷൻ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത് ;

(ഡി) ഈ ഓരോ വിഭാഗങ്ങളിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം തൊഴിൽ വകുപ്പ് ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്കും ചെറുകിട തോട്ടം തൊഴിലാളികൾക്കും ആഭരണത്തൊഴിലാളികൾക്കും കുടിയേറ്റ തൊഴിലാളികൾക്കും ക്ഷേമനിധി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പ് ആവിഷ്ക്കരിച്ച ക്ഷേമ പദ്ധതി നോർക്ക-റൂട്ട്സ് വകുപ്പാണ് നടപ്പാക്കുന്നത്.

#17/13

LIBRARY ARCHIVES Kerala Legislative Assembly